Calicocentric

Targeting Idiocy

Thursday, September 24, 2009

ഇ എം എസ്സും കോപ്പും (ഒന്ന്)

(ഇത് ബൂർഷ്വാ പ്രൊപ്പഗൻഡയാണ്. അരസികനായ ഒരു പരേതനെപ്പറ്റി വിരസമായ ഒരു കുറിപ്പ്.)
തന്റെ കോപ്പിനെപ്പറ്റി ഇ എം എസ്സു തന്നെ പറഞ്ഞിട്ടുണ്ട്.
[...] എന്നെപ്പറ്റി ചില വിശിഷ്ട സാഹിത്യകാരന്മാർ പറയുന്നത് 'സാഹിത്യവിഷയങ്ങളൊന്നും കൈകാര്യം ചെയ്യാനുള്ള 'കോപ്പ്' ഇ എം എസിനില്ല' എന്നാണ്. അത് ഞാൻ സമ്മതിക്കുന്നു. അതേ അവസരത്തിൽ അവർക്കില്ലാത്ത ഒരു 'കോപ്പ്' എനിക്കുണ്ട്. ആ കോപ്പെന്താണ്? ഈ നാട്ടിലെ ജനങ്ങളുമായിട്ടുള്ള അടുപ്പം. ഈ നാട്ടിൽ മാത്രമല്ല ലോകത്താകെയുള്ള മാർക്സിസ്റ്റ് സിദ്ധാന്തവുമായുള്ള അടുപ്പം- ഈ രണ്ടുംകൊണ്ട് അവർക്കില്ലാത്ത 'കോപ്പ്' എനിക്കുണ്ടായിട്ടുണ്ട്. ഈ 'കോപ്പ്' കാണാനവർക്കു കഴിയുന്നില്ല.
(ഇ എം എസിന്റെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ, ഡി സി ബുക്സ്, 1996, p 268)

ഇതിൽ ആദ്യത്തെ കോപ്പിനെപ്പറ്റി എനിക്കൊന്നും പറയാനില്ല. രണ്ടാമത്തെ കോപ്പിനെപ്പറ്റി ഗഡുക്കളായി ചിലതു പറയാനുദ്ദേശിക്കുന്നു. കുറച്ചുകാലം കമ്യൂണിസ്റ്റ് എന്നു പറയുന്ന ഒരു പാർട്ടിക്കാരനായിട്ടുണ്ടെങ്കിലും പതിന്നേഴു വയസ്സുമുതലുള്ള ഒരഞ്ചുകൊല്ലം (പതിനഞ്ചുകൊല്ലത്തിനപ്പുറം) മാർക്സിസ്റ്റ് സാഹിത്യം കാര്യമായി വായിച്ചിട്ടുണ്ടെങ്കിലും ഇ എം എസ്സിന്റെ രചനകളൊന്നും ഇക്കാലംവരെ വായിച്ചിട്ടില്ല ഞാൻ. ഏതാനും മാസങ്ങൾക്കുമുൻപ് ഇ എം എസ് അരുന്ധതി റോയിയെപ്പറ്റി പറഞ്ഞ ചില അഭിപ്രായങ്ങൾ rediff.com റിപോർട്ടു ചെയ്തതു വായിച്ചപ്പോഴാണ് ഇദ്ദേഹത്തെ ഒന്നു വായിച്ചുനോക്കാൻ ആദ്യമായി താത്പര്യം തോന്നിയത്. പിന്നീട് രണ്ടു പുസ്തകങ്ങൾ കൈയ്യിൽ കിട്ടി. ഒന്നു മേലുദ്ധരിച്ച തിരഞ്ഞെടുത്ത പ്രസംഗങ്ങൾ. പിന്നെ *തെരഞ്ഞെടുത്ത പ്രബന്ധങ്ങളും* (ഇ.എം.എസ് നമ്പൂതിരിപ്പാട്, *തെരഞ്ഞെടുത്ത പ്രബന്ധങ്ങള്*, കേരള സാഹിത്യ അക്കാദമി,first edition 1990, reprint 1998). ആദ്യത്തേത് വിവിധ വിഷയങ്ങളിലുള്ള പ്രസംഗങ്ങളും രണ്ടാമത്തേത് സാഹിത്യസംബന്ധിയായ ലേഖനങ്ങളും. അവിടെയിവിടെയായി വായിച്ചുതുടങ്ങിയപ്പോൾ മനസ്സിലായത് ഇ എം എസ് അത്ഭുതപ്രതിഭാസമാണെന്നാണ്. ഇ എം എസ്സിന്റെ വൈരുദ്ധ്യവാദം ജീവിച്ചിരിക്കെതന്നെ പ്രശസ്തമായിരുന്നല്ലോ. അതു സംബന്ധിച്ച് ചിലരൊക്കെ എഴുതിയ ലേഖനങ്ങളും മറ്റും കണ്ടിട്ടുണ്ട്. മറിച്ചും തിരിച്ചും പറഞ്ഞ് ആഗോള ഡയലക്റ്റിഷ്യൻ എന്നു വരെ പേരു സിദ്ധിച്ച ഈ രാഷ്ട്രീയക്കാരനെ പത്രം വായിക്കുന്ന ആർക്കും അറിയാമായിരുന്നു. അതേ സമയം മാർക്സിത്തെപ്പറ്റി ഇദ്ദേഹത്തിനുള്ള അഗാധ പാണ്ഡിത്യവും പ്രശസ്തമായിരുന്നു. മൂലധനം ഇന്ന അദ്ധ്യാത്തിൽ ഇന്ന ഖണ്ഡിക എന്നു പറയാവുന്ന വിധത്തില് മനഃപാഠമായിരുന്നു അദ്ദേഹത്തിന് എന്നൊക്കെ കേട്ടിട്ടുണ്ട്. കേട്ടതൊന്നുമേ സത്യമല്ലെന്ന് കണ്ടറിഞ്ഞപ്പോഴുണ്ടായ അത്ഭുതമാണ് ഈ ഉദ്യമത്തിനു കാരണം. ഇ എം എസ്സിന്റെ സൈദ്ധാന്തിക പാരമ്പര്യവും പേറി നടക്കുന്ന മാർക്സിസ്റ്റ് പാർട്ടിയും ഈ പാർട്ടിയുടെയും വിശേഷിച്ച് അതിന്റെ നേതാവിന്റെയും ദാസന്മാരായ ധാരാളം ബുദ്ധിവ്യായാമക്കാരും ആണ് ഇപ്പോഴും കേരളത്തിലെ ആശയരംഗത്തെ പ്രബലശക്തി എന്നതിനാൽ ഈ ശ്രമത്തിനു കുറച്ചൊക്കെ പ്രസക്തിയുമുണ്ട്. കാര്യം ആദ്യമേ പറയാം. ഇ എം എസ്സിനു വിവരമില്ലായിരുന്നു. എന്നു വെച്ചാൽ മണ്ണും ചാണവും

തിരിച്ചറിയാനുള്ള വിവരമില്ലായിരുന്നു. വിവരമില്ല എന്നു പറയുമ്പോൾ ഇ എം എസ്സിന് പ്രപഞ്ചോത്പത്തിവിജ്ഞാനം ഇല്ലെന്നോ നാനോസയൻസ് അറിയില്ലെന്നോ അല്ല പറയുന്നത്. ഇ എം എസ് എന്ന മഹാ മാർക്സിസ്റ്റ് ദാർശനികന് പരമ്പരാഗത മാർക്സിസത്തിന്റെ (ഇ എം എസ് പിന്തുടർന്ന തരം) പ്രഥമ പാഠങ്ങളായ കൃതികളിൽ അറിവോ പലപ്പോഴും ഗ്രന്ഥകർത്താക്കളെ പരിചയം പോലുമോ ഇല്ലായിരുന്നു. എപ്പോഴോ എവിടെനിന്നോ കിട്ടിയ കണ്ടംമുറി വിജ്ഞാനവിവരക്കേട് ദശകങ്ങൾ കൊണ്ടു നടന്ന് നൂറ്റൊന്ന് ആവർത്തിച്ച ഇദ്ദേഹത്തെയാണ് മാർക്സിസ്റ്റ് ചിന്തകനായി കേരളം കൊണ്ടാടിയത്. പുസ്തകം വായിക്കാനും എഴുതാനും അറിയാവുന്ന ഇടതുപക്ഷക്കാരെ അവിടെയുമിവിടെയുമൊക്കെ കണ്ടിട്ടുണ്ട്. കെ. ദാമോദരൻ, പി. ഗോവിന്ദപ്പിള്ള എന്നിവർ ഉദാഹരണം. അവർക്കിടയിലാണ് മാർക്സിസത്തെപ്പറ്റി നിരക്ഷരനായ ഇ എം എസ് ആരിലും മീതെ ഉയർന്നു നില്ക്കുന്നത്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആദ്യമായല്ല ഇത്തരം സിദ്ധാന്തനിരക്ഷരർ 'മേധാ'വിത്വം സ്ഥാപിച്ചു കാണുന്നത്. സ്റ്റാലിനാണ് ഇതിൽ ഏറ്റവും കേമൻ. സോവിയറ്റ് യൂനിയനിൽ പ്രസിദ്ധീകൃതമായിരുന്ന എല്ലാ കൃതികളും വായിച്ചു കാണും ഇദ്ദേഹം എന്ന് സി പി സേനാ എഴുതിയിട്ടുണ്ട്. അത്രയും വിപുലമായി വായിച്ചയാളാണെങ്കിലും ഇത്ര അരസികനായ എഴുത്തുകാരനും പ്രഭാഷകനും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കാണാനിടയില്ല. മാർക്സിസ്റ്റ് സിദ്ധാന്തത്തിൽ ഇദ്ദേഹത്തിന്റെ പങ്ക് ഡയലെക്റ്റിക്സിന്റെ അടിസ്ഥാനപ്രമാണമായി ഏംഗൽസും ശിഷ്യന്മാരും പറഞ്ഞ negation of negation എന്ന തത്ത്വത്തെ വിട്ടുകളഞ്ഞു എന്നതാണെന്ന് അൽത്തൂസർ പരിഹസിച്ചിട്ടുണ്ട്. negation of negation അംഗീകരിക്കയാണെങ്കിൽ മുതലാളിത്തത്തെ നിഷേധിച്ചുവന്ന സോഷ്യലിസം വീണ്ടും മുതലാളിത്തംകൊണ്ടു നിഷേധിക്കപ്പെടുമെന്നു വരുമല്ലോ എന്നോർത്താണ് സ്റ്റാലിൻ ഇപ്രകാരം വിട്ടുകളഞ്ഞതെന്നും അൽത്തൂസർ കളിയാക്കുന്നുണ്ട്. സ്റ്റാലിന്റെ ശരിയായ ശിഷ്യനാണ് ഇ എം എസ് എന്നു പറയാവുന്നതാണ്. (മുതലാളിത്തത്തിനു ഫ്യൂഡലിസത്തിലേക്കു തിരിച്ചുപോവാൻ പറ്റാത്തതുപോലെ സോഷ്യലിസത്തിൽനിന്നു മുതലാളിത്തത്തിലേക്കുള്ള തിരിച്ചുപോക്ക് അസാദ്ധ്യമാണെന്ന് ഗോർബച്ചേവ് ആണിക്കല്ല് തോണ്ടുന്ന സമയത്തും ഇ എം എസ് സിദ്ധാന്തിച്ചത് ഓർക്കുക.) സ്റ്റാലിന്റെ രചനാശൈലിയെ ഇ എം എസ് വാനോളം പുകഴ്ത്തുന്നുണ്ട് സ്റ്റാലിനെ വിലയിരുത്തുമ്പോൾ എന്ന പേരിൽ പ്രസംഗസമാഹാരത്തിൽ കാണുന്ന പ്രഭാഷണത്തിൽ.

[...] എന്താണ് ലെനിനിസം എന്ന് പഠിപ്പിക്കുന്നതിനുവേണ്ടി സ്റ്റാലിൻ തയ്യാറാക്കിയ വളരെ ലളിതവും എന്നാൽ പ്രഗൗഢവുമായ ഒരു പ്രസംഗപരമ്പരയുണ്ട്. അതാണ് ഫൗണ്ടേഷൻ ഓഫ് ലെനിനിസം [...]. സഖാവ് സ്റ്റാലിന്റെ ഗ്രന്ഥങ്ങൾക്കും ലേഖനങ്ങൾക്കുമെല്ലാം തനതായ ഒരു സവിശേഷതയുണ്ട്. ഇത്ര ചുരുക്കത്തിൽ ഇത്ര ലളിതമായി കാര്യങ്ങൾ പറഞ്ഞുപോവുക സ്റ്റാലിന്റെ ഒരു സവിശേഷതയാണ്.

1979-ൽ ഇ എം എസ് ചെയ്ത പ്രസംഗമാണ് 'സ്റ്റാലിനെ വിലയിരുത്തുമ്പോൾ' എന്ന പേരിൽ കാണുന്നത് (പ്രസംഗങ്ങൾ, 113-131) സ്റ്റാലിനെ വിലയിരുത്തി പ്രസംഗിക്കാൻ പോവുമ്പോൾ സോവിയറ്റ് യൂനിയന്റെയും സ്റ്റാലിന്റെയും ചരിത്രമൊന്ന് പരിശോധിച്ചിട്ടു പോവാൻ ഇദ്ദേഹത്തിനാവില്ല. അതുകൊണ്ട് ഇങ്ങനെയൊരു മണ്ടത്തരം അതിൽക്കാണാം. അദ്ദേഹം സോവിയറ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായത് ലെനിൻ മരിച്ചതുമുതൽക്കാണ്. (പ്രസംഗങ്ങൾ, 115)

ഇതാണ് ഇ എം എസിന്റെ കമ്യൂണിസ്റ്റ് വിജ്ഞാനം! ലെനിൻ മരിച്ചത് 1924ലും സ്റ്റാലിൻ സെക്രട്ടറിയായത് 1922ലുമാണെന്ന് ഏതാണ്ട് അക്കാലം മുതലേ കമ്യൂണിസ്റ്റ് നേതാവായ ഇ എം എസിന് അറിഞ്ഞുകൂടാ. ഈ പ്രഭാഷണം എഴുതിതയ്യാറാക്കി വായിച്ചതാണെന്നു വേണം കരുതാൻ. കാരണം അതിൽ ലെനിന്റെ ഒസ്യത്തിൽനിന്നുള്ള അത്ര ചെറുതല്ലാത്ത ഒരുദ്ധരണി കാണുന്നുണ്ട്. സ്റ്റാലിനെ സംബന്ധിക്കുന്ന ഭാഗമാണ് ഇ എം എസ് ഉദ്ധരിക്കുന്നത്. ലെനിന്റെ

വിൽപ്പത്രം വായിക്കുന്ന ആർക്കും ഏറ്റവും ശ്രദ്ധേയമായി തോന്നുന്ന കാര്യം സ്റ്റാലിനെ ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന നിർദ്ദേശമാണ്.
Stalin is too rude and this defect, although quite tolerable in our midst and in dealing among us Communists, becomes intolerable in a Secretary-General. That is why I suggest that the comrades think about a way of removing Stalin from that post and appointing another man in his stead who in all other respects differs from Comrade Stalin in having only one advantage, namely, that of being more tolerant, more loyal, more polite and more considerate to the comrades, less capricious, etc.

ലെനിന്റെ വിൽപ്പത്രത്തിൽനിന്ന് ഉദ്ധരിക്കുകയും അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഈ സ്റ്റാലിനിസ്റ്റ് പക്ഷേ ആ ഭാഗം വിട്ടുകളഞ്ഞു! ഇങ്ങനെയിങ്ങനെയൊക്കെയുള്ള ദോഷങ്ങളുണ്ടെങ്കിലും അതിനെയെല്ലാം കവച്ചുവെയ്ക്കുന്ന ഇന്നിന്ന ഗുണങ്ങളുണ്ടെന്നു പറഞ്ഞാൽ കാര്യം എളുപ്പമായല്ലോ. അപ്പോൾ സിദ്ധാന്തനിരക്ഷരതയിൽ മാത്രമല്ല ഇ എം എസ് സ്റ്റാലിന്റെ ശിഷ്യനാവുന്നത്. നിർലജ്ജം വസ്തുതകളെ മറച്ചുവെയ്ക്കുന്നതിലും ഇദ്ദേഹം സ്റ്റാലിനെപ്പോലെയാണ്. ഒരു വിപ്ലവവാർഷിക വേളയിൽ ട്രോട്സ്കിയെ വാഴ്ത്തിക്കൊണ്ട് സ്റ്റാലിൻ എഴുതിയ ലേഖനം പിന്നീട് ഒരിക്കലും പ്രസിദ്ധീകരിക്കാതെ മൂടിവെച്ച കാര്യം E H Carr എഴുതിയ സോവിയറ്റ് യൂനിയന്റെ ചരിത്രത്തിൽ പറയുന്നുണ്ട്. എന്തിന്, ലെനിൻ ആമുഖമെഴുതിയ ജോൺ റീഡിന്റെ ലോകത്തെ പിടിച്ചു കുലുക്കിയ പത്തു ദിവസങ്ങൾ എന്ന പുസ്തകം സോവിയറ്റ് യൂനിയനിൽ നിരോധിച്ചാണല്ലോ സ്റ്റാലിൻ മാർക്സിസത്തെ സൈദ്ധാന്തികമായി പോഷിപ്പിച്ചത്. വിഷയം മാറിപ്പോവരുത്. ഇ എം എസിന്റെ സൈദ്ധാന്തിക നിലപാടുകളല്ല ഇവിടെ വിഷയം, വിവരക്കേടാണ്. *പ്രബന്ധങ്ങൾക്ക് മാർക്സിസ്റ്റ് വീക്ഷണം സാഹിത്യത്തിൽ* എന്നൊരു മുഖവുരയുണ്ട്. അതിലിങ്ങനെ കാണാം.
1937-ൽ എഴുതിയ ഒരു ലേഖനത്തോടെയാണല്ലോ ഈ സമാഹാരം തുടങ്ങുന്നത്.അതെഴുതാനുള്ള പ്രേരണ വന്നത് ജീവത്സാഹിത്യപ്രസ്ഥാനത്തിനെതിരായി വന്ന ആരോപണങ്ങളിൽനിന്നാണ്. അതിന് ആശയപരമായ പ്രചോദനം നല്കിയതാകട്ടെ, വിശ്വമഹാസാഹിത്യകാരനായിരുന്ന മാക്സിം ഗോർക്കിയുടെ നേതൃത്വത്തിൽ നടന്ന ലോക പുരോഗമന സാഹിത്യ സമ്മേളനത്തിന്റെ ആഹ്വാനമായിരുന്നു. "സംസ്കാരനായകന്മാരേ, നിങ്ങൾ ഏതു ചേരിയിൽ?" എന്ന ചോദ്യത്തോടെയാണ് ആ ആഹ്വാനം ഉപസംഹരിച്ചത്.

തുടർന്ന് ആഹ്വാനത്തെ ഇ എം എസ് വ്യാഖ്യാനിക്കുന്നു. അല്പം കഴിഞ്ഞ് വീണ്ടും:
1930-കളുടെ മധ്യഭാഗത്ത് ആഗോളമായി പ്രത്യക്ഷപ്പെട്ട രണ്ട് വിരുദ്ധ ശക്തികളെ ചൂണ്ടിക്കാണിച്ചാണ് ഗോർക്കി ലോകത്തിലെ സാംസ്കാരികനായകന്മാരോട് നിങ്ങൾ ഏതു ചേരിയിൽ എന്നു ചോദിച്ചത്. അതിന്റെ [sic] തന്നെ ഇന്ത്യൻ രൂപമാണ് 1936-ൽ ലക്നഔവിൽ വച്ചു രൂപംകൊണ്ട ഇന്ത്യൻ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ആശയപരമായ അടിത്തറ. (വാക്യങ്ങൾ ചേർച്ചയോടെ കോർത്തെഴുതുന്ന വിദ്യ ഇ എം എസ്സിന് അന്യമാണ്. അച്ചട്ടായി എഴുതാനറിയില്ല എന്നേ ഗോവിന്ദപ്പിള്ള പറഞ്ഞുള്ളൂ. എഴുതാനേ അറിയില്ല എന്നതാണ് വാസ്തവം. ക്ഷമിക്കേണ്ടതാണ്, ഔപചാരിക വിദ്യാഭ്യാസം കമ്മിയായിരുന്നല്ലോ.)ചുരുക്കത്തിൽ പു ക സ യുടെപോലും അടിവേരു നീളുന്നത് ഈ സമ്മേളനത്തിലേക്കും അവിടെ ഗോർക്കി നടത്തിയ ആഹ്വാനത്തിലേക്കുമാണ് ഈ ആഹ്വാനത്തെപ്പറ്റി ഇവിടെ മുഖവുരയിൽ മാത്രമല്ല പറഞ്ഞത് വേറെയിടത്തും കണ്ടു. 1981-ൽ നടത്തിയ ഒരു പ്രസംഗം *മാർക്സിസവും സൗന്ദര്യശാസ്ത്രവും* എന്ന പേരിൽ (*പ്രബന്ധങ്ങൾ*,194- 202) കാണുന്നുണ്ട്. അതിൽ ഇങ്ങനെ പറയുന്നു.
മറ്റ് സാംസ്കാരിക നായകന്മാരോടൊപ്പം ഗോർക്കിയും ലളിതവും ഋജുവുമായ ഒരു ചോദ്യം ചോദിക്കുന്നു. "ലോകത്തെമ്പാടുമുള്ള സാംസ്കാരി നായകന്മാരേ, നിങ്ങൾ ആരുടെ ഭാഗത്താണ്? മറ്റു രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും ഒരു പുതിയ സാംസ്കാരിക പ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ചു ഇത്.

ഇനി മറ്റൊരിടത്ത് ഇങ്ങനെ കാണുന്നു:
സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ എന്റെ ഓർമ്മ പോകുന്നത് 1930-കളുടെ അവസാന വർഷങ്ങളിലേക്കാണ്. അന്നാണ് കേരളത്തിൽ ഒരു ജീവൽ സാഹിത്യസംഘടന രൂപം കൊണ്ടത്.ഈ ജീവൽ സാഹിത്യസംഘടന അഖിലേന്ത്യാതലത്തിലുള്ള പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷന്റെ ഭാഗമായിട്ടാണ് ഇവിടെ രൂപം കൊണ്ടത്. ആ അഖിലേന്ത്യാതലത്തിലുള്ള പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷനുതന്നെ ആവേശം കിട്ടിയത് മൊസ്കോവിൽവച്ച് മാക്സിം ഗോർക്കിയുടെ നേതൃത്വത്തിൽ നടന്ന ഒരു സമ്മേളനത്തിന്റെ അഭ്യർത്ഥനയാണ്. ആ അഭ്യർത്ഥനയിൽ ഗോർക്കി ചോദിച്ചു: "സാംസ്കാരിക നായകൻമാരേ, നിങ്ങൾ ഏത് ചേരിയിലാണ്? നിങ്ങൾ സമാധാനത്തിന്റെയും ജനാധിപത്യത്തിന്റെയും ചേരിയിലോ അതോ യുദ്ധത്തിന്റെയും ഫാസിസത്തിന്റെയും ചേരിയിലോ" (*സംസ്കാരം, സാഹിത്യം, രാഷ്ട്രീയം, പ്രബന്ധങ്ങള്*, 287)

കൊള്ളാം. ഇപ്പോൾ സമ്മേളനം മോസ്കോവിലായി. ഗോർക്കിയെ ഉദ്ധരിച്ചിരിക്കയാണ്. 1934-ൽ സോവിയറ്റ് യൂനിയനിൽ നടന്ന സോവിയറ്റ് റൈറ്റേർസ് കോൺഗ്രസ്സാണ് ഉദ്ദേശിച്ചതെങ്കിൽ അവിടെ ഗോർക്കി നടത്തിയ പ്രസംഗം ഇവിടെ കാണാം. അതിൽ ഇങ്ങനെ അഭ്യർത്ഥനയൊന്നുമില്ല.
മാക്സിം ഗോർക്കിയുടെ നേതൃത്വത്തിൽ നടന്ന ലോക പുരോഗമന സാഹിത്യ സമ്മേളനം? അങ്ങനെയൊന്നു നടന്നിട്ടുണ്ടങ്കിലല്ലേ? 1935-ൽ പാരിസിൽ നടന്ന International Writers' Conference for the Defense of Culture ആണുദ്ദേശിക്കുന്നതെങ്കിൽ അതിൽ ഗോർക്കി പങ്കെടുത്തിട്ടില്ല. അതിൽ പങ്കെടുത്ത പ്രമുഖരെ ഇവിടെ കാണാം. (ഇതിൽ ഗോർക്കി പങ്കെടുത്തെന്ന് ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർക്കിടയിൽ എങ്ങനെയോ ഒരു ധാരണവന്നിട്ടുണ്ട്. കവി സച്ചിദാനന്ദൻ Frontline മാഗസിനിലെഴുതിയ ഒരു ലേഖനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തോട് തിരക്കിയപ്പോൾ ആ ധാരണയുടെ ഉറവിടം മുൽക്ക്‌രാജ് ആനന്ദിന്റെ ഒരു ഓർമ്മപ്പിശകാണെന്നാണ് അദ്ദേഹം നല്കുന്ന സൂചന.) Masters of culture, on whose side you are? എന്ന ഗോർക്കിയുടെ ചോദ്യം പ്രസിദ്ധമാണ്. അതു പക്ഷേ, പാരിസിലോ മറ്റെവിടെയെങ്കിലുമോ നടന്ന ഏതെങ്കിലും സമ്മേളനത്തിലെ ആഹ്വാനമല്ല. 1932-ൽ പ്രസിദ്ധീകരിച്ച ഗോർക്കിയുടെ ഒരു ലേഖനമാണത്. അമേരിക്കൻ പത്രപ്രവർത്തകർക്കുള്ള മറുപടിയായി ആണ് അതെഴുതിയിരിക്കുന്നത്. ചാർലി ചാപ്ലിനെയും ജാസ് സംഗീതത്തെയുമൊക്കെ നിന്ദിക്കുന്ന ഈ ലേഖനം മഞ്ഞച്ചെകുത്താന്റെ നഗരം എന്ന പേരിലൊരു പുസ്തകത്തിലുൾപ്പടുത്തി റാദുഗ പബ്ലിഷേർസ് മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നടക്കാത്ത സമ്മേളനത്തിൽ പോവാത്ത ആളുടെ നടത്താത്ത ആഹ്വാനത്തിനുമേൽ ഇ എം എസ് എന്തൊക്കെ ചരിത്രമാണ് കെട്ടിപ്പൊക്കുന്നത്! മാക്സിം ഗോർക്കിയെപ്പറ്റി ഇ എം എസിനുള്ള ധാരണ വിചിത്രമാണ്. അതിനെപ്പറ്റി കുറച്ചേറെ പറയാനുള്ളതുകൊണ്ട് അത് വേറൊരു പോസ്റ്റിൽ പറയാം.
ടോൾസ്റ്റായിയെപ്പറ്റിയോ? പുസ്തകം വായിച്ചാൽ നമ്പൂതിരിപ്പാടിന് മനസ്സിലാവില്ലെന്നതിന് നല്ല ഉദാഹരണമാണ് ടോൾസ്റ്റായിയെപ്പറ്റിയുള്ള ഇദ്ദേഹത്തിന്റെ ജല്പനങ്ങൾ.അതിങ്ങനെയൊക്കെ പോകുന്നു:
ആശയപരമായി നോക്കിയാൽ, വർഗബന്ധത്തിന്റെ ദൃഷ്ടിയിൽ നോക്കിയാൽ, ടോൾസ്റ്റായി ഒരു പിന്തിരിപ്പനായിരുന്നു. വിപ്ലവവിരുദ്ധനായിരുന്നു. (*പ്രബന്ധങ്ങള്*, 290)
ഈ വങ്കത്തരമൊന്നും ഉദ്ധരിച്ചു സമയം കളയാൻ വയ്യാത്തതുകൊണ്ടും അതിന്റെ നർമ്മം ശരിക്കാസ്വദിക്കണമെങ്കിൽ ആ ഭാഗം പൂർണ്ണമായി വായിക്കണമെന്നതുകൊണ്ടും ആ പേജ് ഇവിടെ കൊടുക്കുന്നു.

ടോൾസ്റ്റായിയുടെ യുദ്ധവും സമാധാനവും എന്ന നോവൽ അത്യുജ്വലമാണ്. അദ്ദേഹമൊരു ഫ്യൂഡൽവർഗത്തിന്റെ പ്രതിനിധിയാണ്. ഫ്യൂഡൽ ബന്ധത്തിന്റേതായ ആശയങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സങ്കൽപങ്ങൾ, സ്വപ്നങ്ങൾ, മുതലായതെല്ലാം ഫ്യൂഡൽ വർഗ്ഗത്തിൻെതായിരുന്നു. പക്ഷേ, അദ്ദേഹം യുദ്ധവും സമാധാനവും എന്ന ആ ബൃഹദ്ഗ്രന്ഥം -നോവൽ- എഴുതിയപ്പോൾ അതിൽ വന്നത് റഷ്യൻസമൂഹമാണ്. റഷ്യൻ സമൂഹത്തിനകത്ത് വളർന്നുകൊണ്ടിരുന്ന വിപ്ലവശക്തികളാണ്. അതുകൊണ്ടാകണം ലെനിൻ ടോൾസ്റ്റായിയുടെ നോവലുകളെ "റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി" എന്നു വിളിച്ചത്. (*പ്രബന്ധങ്ങള്*, 300)

ടോൾസ്റ്റായിയും അദ്ദേഹത്തിന്റെ യുദ്ധവും സമാധാനവും അന്നു ഞങ്ങൾ വായിച്ചിരുന്നില്ല. പിന്നീട് വായിച്ചു. അപ്പോൾ കാണാൻ കഴിഞ്ഞു, റഷ്യൻ സമൂഹത്തെ കാർന്നുകൊണ്ടിരിക്കുന്ന ഫ്യൂഡൽ സമൂഹത്തെ ടോൾസ്റ്റായി സത്യസന്ധമായി കണ്ടു- ആ ഫ്യൂഡൽ സമൂഹത്തിനകത്ത് വളർന്നുവരുന്ന വിപ്ലവശക്തികളെ വളരെ വ്യക്തമായി വിവരിക്കാനൊന്നും ടോൾസ്റ്റായിക്ക് കഴിഞ്ഞിട്ടില്ലെന്നത് നേരാണ്. പക്ഷേ, ആ സമൂഹത്തിന്റെ തകർച്ച അദ്ദേഹം കണ്ടു. അതിനാൽ അദ്ദേഹത്തിന്റെ നോവൽ ഒരു വിശ്വപ്രശസ്ത സാഹിത്യകൃതിയായി തീർന്നു. (*പ്രബന്ധങ്ങള്*, 302)

ലെനിന്റെ കണ്ണാടി പ്രയോഗമാണ് ഈ ഫ്യൂഡൽ പിന്തിരിപ്പൻ മൂരാച്ചിയിൽ ഇ എം എസ്സിനു താത്പര്യം വരാനുള്ള കാരണം. അന്നു ഞങ്ങൾ വായിച്ചിരുന്നില്ല, പിന്നെ വായിച്ചു എന്നതിൽ ചിരിക്കാനുള്ള കോളുണ്ട്. പിന്നീടായിരിക്കും ഈ ഞങ്ങൾ അതു കണ്ണാടിയാണെന്നു മനസ്സിലാക്കിയത്. ഇവിടെ ലെനിൻ ടോൾസ്റ്റായിയെപ്പറ്റി പറഞ്ഞ കാര്യം ആവർത്തിക്കാൻ മാത്രമേ ഈ വിനയവാൻ ഉദ്ദേശിച്ചുള്ളൂ. പക്ഷേ വിവരമില്ലാത്തതുകൊണ്ട് പുസ്തകം വായിച്ചാൽ പോലും മനസ്സിലാവാത്തതുകൊണ്ട് പറഞ്ഞതൊന്നും ലെനിൻ പറഞ്ഞ കാര്യങ്ങളായില്ലെന്നു മാത്രം.
ലെനിൻ ടോൾസ്റ്റായിയെപ്പറ്റി പറയുന്നത് ലെനിൻ തന്നെ സംക്ഷേപിച്ചത് ഇങ്ങനെ:
Tolstoy is original, because the sum total of his views, taken as a whole, happens to express the specific features of our revolution as a peasant bourgeois revolution. From this point of view, the contradictions in Tolstoy's views are indeed a mirror of those contradictory conditions in which the peasantry had to play their historical part in our revolution.

ഈ ലേഖനം പൂർണ്ണരൂപത്തിൽ ഇവിടെ ക്കാണാം.
ബൂർഷ്വാ വിപ്ലവമെന്നു കമ്യൂണിസ്റ്റുകാർ പറയുന്ന സംഗതിയുടെ പ്രതിനിധിയാണ് ലെനിന്റെ ദൃഷ്ടിയിൽ ഇ എം എസ്സിന്റെ ഈ ഫ്യൂഡൽ മൂരാച്ചി. Landlord എന്നു ലെനിൻ പരിഹാസത്തോടെ പരാമർശിച്ചിട്ടുണ്ട്. അതിനർത്ഥം ടോൾസ്റ്റായ് ഫ്യൂഡൽ പിന്തിരിപ്പനാണെന്നാണ് ലെനിൻ പറഞ്ഞത് എന്നു മനസ്സിലാക്കണമെങ്കിൽ ഇ എം എസ്സിനോളം വിവരക്കേടു വേണം. അപ്പോൾ പിന്നെ മുതലാളിയായ ഫ്രെഡെറിഹ് ഏംഗൽസോ?
ലെനിൻ തുടരുന്നു:
On the one hand, centuries of feudal oppression and decades of accelerated post-Reform pauperisation piled up mountains of hate, resentment, and desperate determination. The striving to sweep away completely the official church, the landlords and the landlord government, to destroy all the old forms and ways of landownership, to clear the land, to replace the police-class state by a community of free and equal small peasants—this striving is the keynote of every historical step the peasantry has taken in our revolution; and, undoubtedly, the message of Tolstoy's writings conforms to this peasant striving far

more than it does to abstract “Christian Anarchism”, as his “system” of views is sometimes appraised.

ലെനിന്റെ കണ്ണിൽ ഇത്രയെ്ക്കാക്കെ വിപ്ലവകരമായ നിലപാടുകൾ ഉൾെക്കാള്ളുന്നതാണ് ടോൾേസ്റ്റായുടെ വീക്ഷണം. ഇതാണ് ഇ എം എസ്സിന് ഫ്യൂഡൽ പിന്തിരിപ്പൻ വീക്ഷണമാവുന്നത്! (ഈ ബ്ലോഗർക്ക് ലെനിന്റെ വീക്ഷണത്തോടു താത്പര്യമില്ല. മാർക്സിസ്റ്റു സാഹിത്യത്തിൽ വിവരമില്ലാത്ത ഇ എം എസ്സിന് ലെനിന്റെ ഒരു ലഘുവായ ലേഖനം പോലും മനസ്സിലാക്കാനുള്ള ബൗദ്ധിക നിലവാരമില്ലെന്നു കാണിക്കാനാണ് ലെനിൻ ഉദ്ദേശിച്ച അര്ത്ഥത്തെപ്പറ്റി പറഞ്ഞത്.)
(തുടരും)

തിരുത്ത്

ഒരു സുഹൃത്ത് ചൂണ്ടിക്കാണിച്ച തിരുത്ത്. സോഷ്യലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്കു തിരിച്ചുപോവുന്നത് മുതലാളിത്തിൽനിന്ന് ഫ്യൂഡലിസത്തിലേക്കു തിരിച്ചുപോവുന്നതിനോടല്ല ഗുരുവചനത്തിൽ താരതമ്യപ്പെടുത്തിയത്. മനുഷ്യന് കുരങ്ങാവാൻ പറ്റാത്തതുപോലെ എന്നായിരുന്നു മൊഴി.